**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2404**

**14.06.2019 ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

**ചോദ്യം**

**ശ്രീ. ഒ.ആർ.കേളു**

**മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ് ; വിശദമാക്കാമോ ; | (എ) | യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപറയുന്ന പദ്ധതികൾ ഓരോ വർഷവും നടപ്പിലാക്കി വരുന്നു.<br>1. മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയുള്ള ബോധവത്കരണം.<br>2. ദേശീയ/ജില്ലാ സെമിനാറുകൾ,സിംപോസിയം, ശില്പശാലകൾ.<br>3. ജോബ് പോർട്ടൽ - (തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോം)<br>4. യൂത്ത് ഐക്കൺ അവാർഡ് -(ആറ് മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള യുവതീ യുവാക്കളിൽ നിന്ന് തെരഞ്ഞെടുക്കുന്നവർക്ക് നൽകുന്ന പുരസ്കാരം)<br>5. ദേശീയ യുവജന ദിനാഘോഷം -(ജില്ലാ തലത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിച്ച് ദേശീയയുവജന ദിനത്തോടനുബന്ധിച്ച് സമ്മാനം നൽകുന്നു)<br>6. യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് ജില്ലകളിൽ അദാലത്തുകളും സിറ്റിംഗുകളും സംഘടിപ്പിക്കുന്നു.<br><br>കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനങ്ങൾക്കായി ദേശീയ മാധ്യമ സെമിനാർ, ജോബ് ഫെസ്റ്റ്, യൂത്ത് കേരള എക്സ്പ്രസ്, ദിനാചരണങ്ങൾ, കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്, ഫിഫ വേൾഡ് കപ്പ് ബിഗ് സ്ക്രീൻ പ്രദർശനം, ആർട്ട് ഡി ടൂർ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, |

| | | | |
|---|---|---|---|
| | | | യൂത്ത് അവാർഡ്, സാംസ്കാരിക കൂട്ടായ്മകൾ. ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, നാഷണൽ ഫോക് ഫെസ്റ്റ്, സാഹസിക പരിശീലനങ്ങൾ, ബോധവത്കരണ പരിപാടികൾ, കായിക പരിശീലനങ്ങൾ, പി.എസ്.സി കോച്ചിംഗ്. ഷോർട്ട് ഫിലിം ഫെസ്റ്റ്, കേരളോത്സവം, സ്വയംതൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വ ശിൽപശാല,യുവശക്തി പദ്ധതി. യുവാ ക്ലബ്ബ് എന്നീ പരിപാടികളും സംരംഭങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | യുവജനക്ഷേമ വകുപ്പുമായി ചേർന്ന് വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് പി.എസ്.സി പരിശീലന പദ്ധതി വയനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (ബി) | അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് സർക്കാർ ജോലി പ്രാപ്യമാക്കുന്നതിനായി യുവജനക്ഷേമ ബോർഡ് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകി പി.എസ്.സി പരിശീലനം സംഘടിപ്പിച്ചിരുന്നു. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ 44 കേന്ദ്രങ്ങളിൽപി.എസ്.സി പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. |
| (സി) | ആദിവാസി മേഖലയിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിന് യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വിശദമാക്കാമോ? | (സി) | ആദിവാസി മേഖലയിലെ യുവജനങ്ങളെ ശാക്തീകരിക്കുന്നതിനായി എസ്.സി /എസ്.ടി മേഖലയിലുൾപ്പെടെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ യുവജനക്ഷേമ ബോർഡ് യുവ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ടി ക്ലബ്ബുകളുടെ നേതൃത്വത്തിൽ മദ്യം, മയക്കുമരുന്ന്, പകർച്ചവ്യാധികൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.എസ്.സി/എസ്.ടി മേഖലയിലെ യുവജനങ്ങളുടെ കലാകായികപരമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 'മണിനാദം 'എന്ന പേരിൽ നാടൻപാട്ട് പരിശീലനം, നവോത്ഥാന സദസ്സ്, പ്രാദേശിക തലം മുതൽ സംസ്ഥാന തലം വരെ നാടൻ പാട്ട് മത്സരം. ഫുട്ബോൾ മത്സരം എന്നിവയും കലാകായിക അക്കാദമിക് പ്രതിഭകൾക്ക് അനുമോദനവും സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി ബോധവത്കരണ ത്തിന്റെ ഭാഗമായി വൃക്ഷത്തൈ വച്ച് പിടിപ്പിക്കൽ, ശുചീകരണ പ്രവർത്തനം, വ്യക്തിശുചിത്വ ബോധവത്കരണം എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. അഭ്യസ്ത വിദ്യരായ യുവജനങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനായി പി.എസ്.സി പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ